(ബി) ഡാമുകളുടെയും റിസർവോയറുകളുടെയും സുരക്ഷിത പ്രദേശങ്ങളിൽ അനധികൃത പ്രവേശനം നിയന്ത്രിക്കുന്നുണ്ടോ ;

(സി) സുരക്ഷിതത്വ നടപടികൾ നിർവ്വഹിക്കുവാൻ പറ്റാത്ത അവസ്ഥ ഇപ്പോൾ സംസ്ഥാനത്ത് എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എവിടെ ;

(ഡി) പദ്ധതി പ്രദേശങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾക്കെതിരെ ഫലപ്രദമായ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഇ) നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് എന്തെങ്കിലും വീഴ്ച വരുത്തിയതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) പ്രധാന ഡാമുകളുടെയെല്ലാം സുരക്ഷിതത്വത്തിന് കേരള പോലീസ് സായുധസേനയെ നിയോഗിച്ചിട്ടുണ്ട്. മറ്റ് ഡാമുകളുടെ സുരക്ഷിതത്വ ചുമതല വിമുക്തഭടന്മാരുടെ ഏജൻസിക്കും നൽകിയിട്ടുണ്ട്.

(ബി) ബോർഡിന്റെ അധീനതയിലുള്ള എല്ലാ ഡാമുകളുടെയും സുരക്ഷിത പ്രദേശങ്ങളിൽ അനധികൃത പ്രവേശനം നിയന്ത്രിക്കുന്നുണ്ട്.

(സി) ഉണ്ട്. ഇടുക്കി പദ്ധതിയുടെ റിസർവോയർ പ്രദേശത്ത് അയ്യപ്പൻകോവിൽ എന്ന സ്ഥലത്ത് വി. എച്ച്.പി. പ്രവർത്തകർ അനധികൃതമായി അമ്പലം പണിയുന്ന സ്ഥലത്തും, അതിനോടനുബന്ധിച്ച പ്രദേശത്തും, മൂന്നാറിലും, വെള്ളത്തൂവലിലും പഞ്ചായത്ത് കയ്യേറിയ സ്ഥലങ്ങളിലും സുരക്ഷിതത്വ നടപടികൾ നിർവ്വഹിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്.

(ഡി) ഇടുക്കി പദ്ധതി പ്രദേശത്തെ അനധികൃത കയ്യേറ്റം ജില്ലാ ഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും കയ്യേറ്റം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ മൂന്നാറിലേയും വെള്ളത്തൂവലിലേയും കയ്യേറ്റങ്ങൾ ജില്ലാ കളക്ടറുടേയും പോലീസ് അധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇല്ല.

ആണവ നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച സർക്കാർ നയം

22 (*349) ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ന്യൂക്ലിയർ വൈദ്യുതി ഉൽപ്പാദനകേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ നയം എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) ആണവനിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാർ സമർപ്പിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) തമിഴ്നാട്ടിൽ ആരംഭിക്കുന്ന ന്യൂക്ലിയർ വൈദ്യുത ഉൽപ്പാദന കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് വൈദ്യുതി ലഭിക്കുന്നതിന് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) സംസ്ഥാനത്ത് ന്യൂക്ലിയർ വൈദ്യുതിയുൾപ്പെടെ എല്ലാ ഊർജ്ജസ്രോതസ്സുകളും, കേരളം പ്രയോജനപ്പെടുത്തുമെന്ന് 1998-ൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വൈദ്യുതോർജ്ജനയത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി-സി) സംസ്ഥാന സർക്കാർ ന്യൂക്ലിയർ പവ്വർസ്റ്റേഷൻ സ്ഥാപിക്കുവാൻ കോമംഗള, വലിയവെളിച്ചം, താമരശ്ശേരി, മാനത്തോട്, ബേല, ഭൂതത്താൻകെട്ട്, പെരിങ്ങോം എന്നീ സ്ഥലങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. ന്യൂക്ലിയർ പവ്വർ കോർപ്പറേഷൻ നടത്തിയ പഠനത്തിൽ ഈ സ്ഥലങ്ങളൊന്നും തന്നെ ആണവനിലയത്തിന് അനുയോജ്യമല്ലെന്ന് കേരള സർക്കാരിനെ ന്യൂക്ലിയർ പവ്വർ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(ഡി) തമിഴ്നാട്ടിൽ ആരംഭിക്കുന്ന ന്യൂക്ലിയർ വൈദ്യുതി ഉൽപ്പാദന കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് 260 മെഗാവാട്ട് വൈദ്യുതി ആവശ്യമാണെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് ന്യൂക്ലിയർ പവ്വർ കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്.

ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി ചാർജ്ജ്

23 (*350) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി ബിൽ തയ്യാറാക്കുന്നതിനുള്ള താരിഫ് ലഭ്യമാക്കുമോ ;

(ബി) വൈദ്യുതി ചാർജിന് പുറമേ മറ്റ് എന്തൊക്കെ ഇനങ്ങളാണ് ബില്ലിൽ ഉൾപ്പെടുത്തുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രതിമാസ ഉപയോഗത്തിന്റെ അടിസ്ഥാനത്തിലാണോ രണ്ട് മാസത്തെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിലാണോ നിലവിലുള്ള താരിഫ് പ്രകാരം വൈദ്യുതി ബിൽ തയ്യാറാക്കുന്നതെന്ന് വിശദമാക്കുമോ ; അതിന് മാനദണ്ഡമായി കണക്കാക്കുന്ന ഉത്തരവ് ലഭ്യമാക്കുമോ ;

(ഡി) രണ്ട് മാസത്തെ മൊത്തം ഉപയോഗം കണക്കിലെടുത്ത് ബിൽ തയ്യാറാക്കുന്നതുകൊണ്ട് ഉണ്ടാകുന്ന അധികഭാരം ഇല്ലാതാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ തയ്യാറാക്കുന്നതിലേയ്ക്കായിട്ടുള്ള താരിഫ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly